**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1956** **04-02-2026 - ൽ മറുപടിയ്ക്ക്**

**കോതമംഗലം ചേലാട് സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ ചേലാട് സ്റ്റേഡിയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സാഹചര്യം വ്യക്തമാക്കാമോ; | (എ) | കോതമംഗലം ചേലാട് സ്റ്റേഡിയത്തിന്റെ എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന തയ്യാറാക്കി 19.09.2025-ൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ പി.എഫ്.എം.എസ് പോർട്ടലിൽ പ്രസ്തുത പ്രവൃത്തിയുടെ എസ്.പി.വി നിലവിൽ M/s.കിറ്റ്കോ ആണ്. ആയത് മാറ്റി സ്പോർട്സ് കേരള ഫൗണ്ടേഷനെ എസ്.പി.വി ആയി അപ്ഡേറ്റ് ചെയ്യേണ്ടതിനായുള്ള അപേക്ഷ പി.എഫ്.എം.എസ് മുഖേന 12.11.2025 ന് സ്പോർട്സ് കേരള ഫൗണ്ടേഷൻ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപ്ഡേഷൻ നടന്നാൽ മാത്രമേ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പി.എഫ്.എം.എസ്. പോർട്ടലിൽ സമർപ്പിക്കാൻ കഴിയുകയുള്ളൂ. പ്രസ്തുത പദ്ധതിയിൽ നാച്ചറൽ ഫുട്ബോൾ ടർഫ്, 8 ലെയ്ൻ 400 മീ സിന്തറ്റിക് ട്രാക്ക്, ചെയ്ഞ്ച് റൂം, ഫ്ളഡ് ലൈറ്റ്, സ്റ്റീംഗിളർ, സംപ് & പമ്പ് റൂം എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.<br><br>സ്റ്റേഡിയം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലം വില്ലേജ് റിക്കാർഡുകളിൽ 'നിലം' എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് ഭൂമിയുടെ തരം മാറ്റം ആവശ്യമാണ്. ഇതുമായി ബന്ധപ്പെട്ട് മുൻ എസ്.പി.വി ആയ കിറ്റ്കോ സമർപ്പിച്ച പ്രൊപ്പോസൽ 10.06.2025 ന് കൂടിയ സ്റ്റേറ്റ് ലെവൽ കമ്മിറ്റി നിരസിച്ചതായി 07.07.2025 തീയ്യതിയിലെ കത്ത് മുഖേന കാർഷികോൽപ്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ് M/s കിറ്റ്കോയെ അറിയിച്ചിരുന്നു. നിലവിൽ ടി പ്രവൃത്തിയുടെ എസ്.പി.വി ആയ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന ഭൂമിയുടെ തരം മാറ്റുന്നതിനാവശ്യമായ നടപടികളുടെ ഭാഗമായി സൈറ്റിലെ തോട് ഡൈവെർഷൻ ഡിസൈൻ |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിനായി ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡിൽ (IDRB) നിന്നും റെയിൻ ഫാൾ & ഡിസ്ചാർജ്ജ് ഡാറ്റ ലഭ്യമാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഡിസൈനും, ലാന്റ് കൺവെർഷന് ആവശ്യമായ റിപ്പോർട്ടും തയ്യാറാക്കി 18.09.2025 -ാം തീയ്യതിയിൽ പിണ്ടിമന ഗ്രാമപഞ്ചായത്ത് മുഖേന റവന്യൂ വകുപ്പിൽ സമർപ്പിച്ചു.<br><br>പ്രസ്തുത അപേക്ഷ 17.11.2025 ലെ സംസ്ഥാനതല സമിതി പരിശോധിക്കുകയും തുടർ രേഖകൾ 07.01.2026 ന് കത്ത് മുഖാന്തിരം ആവശ്യപ്പെടുകയും ചെയ്തിരുന്നു. ടി രേഖകൾ 21.01.2026 ന് അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുണ്ട്. പിണ്ടിമന വില്ലേജിൽ സ്റ്റേഡിയം നിർമ്മാണത്തിനായി നിർദ്ദേശിച്ച വിവിധ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട 69.27 ആർസ് ഭൂമി പരിവർത്തനം, 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, വകുപ്പ് 2(XIV) പ്രകാരമുള്ള "പൊതു ആവശ്യം" എന്ന നിർവ്വചനത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താവുന്നതാണോ എന്നത് സംബന്ധിച്ച് കൂടുതൽ വ്യക്തമായ റിപ്പോർട്ട് ലഭ്യമാക്കാൻ കൃഷി (എൻ.സി.എ.) വകുപ്പിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന്മേൽ 31.01.2026-ൽ വ്യക്തമായ റിപ്പോർട്ട് ലഭ്യമാക്കാൻ കായിക വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. |
| (ബി) | തടസ്സങ്ങൾ നീക്കി സ്റ്റേഡിയം നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | കോതമംഗലം ചേലാട് സ്റ്റേഡിയത്തിന്റെ എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന തയ്യാറാക്കി 19.09.2025-ൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ പി.എഫ്.എം.എസ് പോർട്ടലിൽ പ്രസ്തുത പ്രവൃത്തിയുടെ എസ്.പി.വി നിലവിൽ M/s.കിറ്റ്കോ ആണ്. ആയത് മാറ്റി സ്പോർട്സ് കേരള ഫൗണ്ടേഷനെ എസ്.പി.വി ആയി അപ്ഡേറ്റ് ചെയ്യേണ്ടതിനായുള്ള അപേക്ഷ പി.എഫ്.എം.എസ് മുഖേന 12.11.2025 ന് സ്പോർട്സ് കേരള ഫൗണ്ടേഷൻ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപ്ഡേഷൻ നടന്നാൽ മാത്രമേ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പി.എഫ്.എം.എസ്. പോർട്ടലിൽ സമർപ്പിക്കാൻ കഴിയുകയുള്ളൂ. പ്രസ്തുത പദ്ധതിയിൽ നാച്ചറൽ ഫുട്ബോൾ ടർഫ്, 8 ലെയ്ൻ 400 മീ സിന്തറ്റിക് ട്രാക്ക്, ചെയ്ഞ്ച് റൂം, ഫ്ളഡ് ലൈറ്റ്, സ്പ്രിംഗ്ളർ, സംപ് & പമ്പ് റൂം എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.<br><br>സ്റ്റേഡിയം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലം വില്ലേജ് റിക്കാർഡുകളിൽ 'നിലം' എന്ന് |

| | | | | |
|---|---|---|---|---|
| | | | | രേഖപ്പെടുത്തിയിരിക്കുന്നതിനാൽ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് ഭൂമിയുടെ തരം മാറ്റം ആവശ്യമാണ്. ഇതുമായി ബന്ധപ്പെട്ട് മുൻ എസ്.പി.വി ആയ കിറ്റ്കോ സമർപ്പിച്ച പ്രൊപ്പോസൽ 10.06.2025 ന് കൂടിയ സ്റ്റേറ്റ് ലെവൽ കമ്മിറ്റി നിരസിച്ചതായി 07.07.2025 തീയ്യതിയിലെ കത്ത് മുഖേന കാർഷികോൽപ്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ് M/s കിറ്റ്കോയെ അറിയിച്ചിരുന്നു. നിലവിൽ ടി പ്രവൃത്തിയുടെ എസ്.പി.വി ആയ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന ഭൂമിയുടെ തരം മാറ്റുന്നതിനാവശ്യമായ നടപടികളുടെ ഭാഗമായി സൈറ്റിലെ തോട് ഡൈവെർഷൻ ഡിസൈൻ ചെയ്യുന്നതിനായി ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡിൽ (IDRB) നിന്നും റെയിൻ ഫാൾ & ഡിസ്ചാർജ്ജ് ഡാറ്റ ലഭ്യമാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഡിസൈനും, ലാന്റ് കൺവെർഷന് ആവശ്യമായ റിപ്പോർട്ടും തയ്യാറാക്കി 18.09.2025 -ാം തീയ്യതിയിൽ പിണ്ടിമന ഗ്രാമപഞ്ചായത്ത് മുഖേന റവന്യൂ വകുപ്പിൽ സമർപ്പിച്ചു.<br><br>പ്രസ്തുത അപേക്ഷ 17.11.2025 ലെ സംസ്ഥാനതല സമിതി പരിശോധിക്കുകയും തുടർ രേഖകൾ 07.01.2026 ന് കത്ത് മുഖാന്തിരം ആവശ്യപ്പെടുകയും ചെയ്തിരുന്നു. ടി രേഖകൾ 21.01.2026 ന് അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുണ്ട്. പിണ്ടിമന വില്ലേജിൽ സ്റ്റേഡിയം നിർമ്മാണത്തിനായി നിർദ്ദേശിച്ച വിവിധ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട 69.27 ആർസ് ഭൂമി പരിവർത്തനം, 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, വകുപ്പ് 2(XIV) പ്രകാരമുള്ള "പൊതു ആവശ്യം" എന്ന നിർവ്വചനത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താവുന്നതാണോ എന്നത് സംബന്ധിച്ച് കൂടുതൽ വ്യക്തമായ റിപ്പോർട്ട് ലഭ്യമാക്കാൻ കൃഷി (എൻ.സി.എ.) വകുപ്പിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന്മേൽ 31.01.2026-ൽ വ്യക്തമായ റിപ്പോർട്ട് ലഭ്യമാക്കാൻ കായിക വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ